കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 23 | ആഗസ്റ്റ് 15 2025

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്താ പത്രിക

അകത്താളുകളിൽ

4 കൃഷി കൂടുതൽ സ്മാർട്ട് ആകണം : കൃഷിമന്ത്രി പി പ്രസാദ്

5 കേന്ദ്രസർക്കാർ പച്ചത്തേങ്ങക്ക് താങ്ങുവില പ്രഖ്യാപിക്കണമെന്ന് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ്

6 മണ്ണിലെ യഥാർത്ഥ താരങ്ങൾ കർഷകർ : കൃഷിമന്ത്രി പി പ്രസാദ്

# കേരളത്തിന്റെ കാർഷികമേഖല വളർച്ചയുടെ പാതയിൽ:
## മുഖ്യമന്ത്രി പിണറായി വിജയൻ



സംസ്ഥാനതല കർഷക ദീനാഘോഷവും കർഷക അവാർഡ് വിതരണവും സംസ്ഥാനതലത്തിൽ ഓൺലൈനായി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്ന

കേരളത്തിന്റെ കാർഷികമേഖല വളർച്ചയുടെ പാതയിലാണെന്നും ദേശീയ ശരാശരിയുടെ ഇരട്ടിയിലധികം വളർച്ച കേരളം കൈവരിച്ചതായും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാനതല കർഷക ദീനാഘോഷവും കർഷക അവാർഡ് വിതരണവും സംസ്ഥാനതലത്തിൽ ഓൺലൈനായി ഉദ്ഘാടനം ചെയ്ത സംസാരിക്കുകയായിരുന്ന അദ്ദേഹം. കഴിഞ്ഞ സാമ്പത്തിക വർഷം കാർഷിക മേഖല ദേശീയ തലത്തിൽ 2.1 ശതമാനം വളർച്ച രേഖപ്പെടുത്തിയ സ്ഥാനത്ത് കേരളം 4.65 ശതമാനം വളർച്ച നേടി. കർഷകന്റെ വരുമാനത്തിൽ 50 ശതമാനം വരുമാനം വർദ്ധിപ്പിക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ കൃഷിവകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി. മിഷൻ 2026 എന്ന പേരിൽ ആവിഷ്കരിച്ച ഹ്രസ്വകാല കാർഷിക പദ്ധതിയും ദീർഘകാല പദ്ധതിയായ മിഷൻ 2033-ഉം ഇതിന് ഏറെ സഹായകരമായി. സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിഞ്ഞു. നെല്ലിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് 3108 കിലോ ആയി വർദ്ധിപ്പിക്കാനും കേരഗ്രാമം പദ്ധതിയിലൂടെ നാളികേര കൃഷിയിൽ 54 ശതമാനം വളർച്ച കൈവരിക്കാനും ഈ സർക്കാരിന്റെ കാലയളവിൽ സാധിച്ചു. പച്ചതേങ്ങ സംഭരണം 6.28 ലക്ഷംടണ്ണിൽ നിന്നും 17.20 ലക്ഷംട

ചീഫ് എഡിറ്റർ - സിന്ധു കെ.എസ്.
എഡിറ്റർ - ഡോ. വി. കൃഷ്ണദാസ്
അസോസിയേറ്റ് എഡിറ്റർ - മന്ദ കെ.ജി.
അസിസ്റ്റൻറ് എഡിറ്റർ - സുജിത്ത് എസ്.എസ്.




ണ്ണായി വർദ്ധിച്ചതായും മുഖ്യമന്ത്രി പറഞ്ഞു. കാലാവസ്ഥ വ്യതിയാനവും വിപണി അനിശ്ചിതത്വവും വന്യമൃഗ ആക്രമണങ്ങളും കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും മൂല്യവർദ്ധിത ഉൽപ്പാദനരംഗത്ത് മാറ്റം കൊണ്ടുവരുന്നതിനുമായി ലോകബാങ്കിന്റെ സഹകരണത്തോടെ 2365 കോടി രൂപയുടെ കേര പദ്ധതി നടപ്പിലാക്കുകയാണ്. 4 ലക്ഷം കർഷകർക്ക് നേരിട്ടും 10 ലക്ഷം കർഷകർക്ക് പരോക്ഷമായും കേര പദ്ധതിയുടെ പ്രയോജനം ലഭിക്കും ആദ്ദേഹം പറഞ്ഞു. 40 വർഷങ്ങൾക്ക് ശേഷമാണ് ലോക ബാങ്കിന്റെ ബൃഹത് പദ്ധതി കാർഷിക മേഖലയ്ക്ക് ലഭിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. കാലാവസ്ഥ വ്യതിയാനത്തിന് അനുസൃതമായി കാർഷിക കലണ്ടറിൽ മാറ്റം വരുത്തി ക്രിയാത്മകമായ ചർച്ചയിലൂടെയും നൂതന കൃഷി രീതിയിലൂടെയും കാർഷിക മേഖലയെ മുന്നോട്ട് കൊണ്ടുപോകണമെന്നും മുഖ്യമന്ത്രി പറഞ്ഞു .

ജീവിതത്തിന്റെ നിലനിൽപ്പിന് തന്നെ കർഷകർ അത്യാവശ്യമാണെന്നും കൃഷിവകുപ്പിന്റെ ദിനമല്ല കർഷകരുടെ ദിനമാണ് ചിങ്ങം ഒന്നെന്നും കൃഷി മന്ത്രി പി. പ്രസാദ് പറഞ്ഞു. ചടങ്ങിന് അധ്യക്ഷത വഹിച്ച സംസാരിക്കുകയായിരുന്നു മന്ത്രി. കൃഷിയിൽ ജീവിതം സമർപ്പിച്ചവരാണ് കർഷകർ, അവർക്ക് പിന്തുണയും പിൻ






ബലവും നൽകുന്ന ദിനം കൂടിയാണ് കർഷകദിനം. കർഷകൻ തളരുന്നത് നമ്മുടെ സമൂഹത്തെ തളർത്തും.

കർഷകരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. കർഷകർകരുടെ ഉൽപ്പന്നങ്ങൾക്ക് വില നിശ്ചയിക്കാനുള്ള അധികാരം കർഷകനല്ല വിപണിയാണ് നിശ്ചയിക്കുന്നതെന്നും അതിന് മാറ്റം വരണമെന്നും കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കണമെന്നും മന്ത്രി പറഞ്ഞു. ഒരു കൃഷിഭവൻ ഒരു ഉൽപ്പന്നം എന്ന പദ്ധതി രാജ്യത്തിന് തന്നെ മാതൃകയാണ്.

കൃഷിയിൽ ആധുനികതയെയും സാങ്കേതികവിദ്യകളേയും യന്ത്രങ്ങളെയും ഉപയോഗപ്പെടുത്തി കൃഷി കൂടുതൽ സ്മാർട്ട് ആക്കണമെന്നും ആർട്ടിഫിഷ്യൽ ഇന്റലിജെൻസും ഇന്റർനെറ്റ് ഓഫ് തിങ്സും സാങ്കേതിക രംഗത്തേക്ക് കടന്നുവരികയാണെന്നും കൃഷിയിൽ ഇതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു. ഡ്രോൺ സാങ്കേതികവിദ്യയിലൂടെ വിത്തുകൾ വിതക്കാനും 40 ശതമാനത്തിലധികം വിത്തുകൾ ലാഭിക്കുവാനും മികച്ച വിളവെടുപ്പ് നേടാനും നമുക്ക് കഴിഞ്ഞു. കൃഷിയും കൃഷിയിടങ്ങളും സ്മാർട്ട് ആകേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു. കർഷക അവാർഡ് നേടിയ മുഴവൻ കർഷകരെയും മന്ത്രി അഭിനന്ദിച്ചു.

കർഷകരുടെ നാടാണ് കേരളമെന്നും കർഷകരാണ് കേരളത്തിലെ യഥാർത്ഥ ബ്രാൻഡ് അംബാസിഡർമാരെന്നും മൂല്യ വർദ്ധനവിലൂടെ കൃഷിയിൽ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിന് കർഷകനെ സഹായിച്ച എന്നും റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ രാജൻ പറഞ്ഞു. മുതിർന്ന കർഷകനായ ജോസഫ് പള്ളനെയും കർഷക തൊഴിലാളിയായ എ.ആർ. സംഗീതയെയും ആദരിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

നമ്മുടെ നാടിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ കാർഷിക മേഖലയിൽ കർഷകരുടെ പങ്ക് വളരെ വലുതാണെന്ന് മണ്ണും പ്രകൃതിയുമായുള്ള ജൈവബന്ധം നിലനിർത്തുന്നത് കർഷകരാണെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. ആർ. ബിന്ദു പറഞ്ഞു. ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിച്ച 'ഹരിതഗാഥ' പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

എം.എൽ.എ.മാരായ പി ബാലചന്ദ്രൻ, എ.സി. മൊയ്തീൻ, , മുരളി പെരുനെല്ലി, യു ആർ പ്രദീപ്, എൻ.കെ. അക്ബർ, സനീഷ് കുമാർ ജോസഫ്, വി. ആർ. സുനിൽകുമാർ, ഇ. ടി. ടൈസൺ മാസ്റ്റർ, സേവിയർ ചിറ്റിലപ്പിള്ളി എന്നിവരും പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി അശോക് ഐ.എ.എസ്. സ്വാഗതവും കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ഡോ. ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ്. നന്ദിയും പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് വി. എസ്. പ്രിൻസ്, വൈസ് പ്രസിഡൻറ് ലതാ ചന്ദ്രൻ എന്നിവർ പങ്കെടുത്തു.

കേര പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന സെമിനാറിൽ ഇന്ത്യൻ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞൻ സി പ്രകാശൻ, കേര റീജിയണൽ ഡപ്യൂട്ടി പ്രോജക്ട് ഡയറക്ടർ ജോസഫ് ജോൺ തെറാട്ടിൽ എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു.

തൃശ്ശൂരിന്റെ സാംസ്കാരിക തനിമ വിളിച്ചോതുന്ന ഘോഷയാത്രയോടെയാണ് സംസ്ഥാനതല കർഷകദിന ആഘോഷങ്ങൾക്ക് തുടക്കമായത്. ചെണ്ടമേളങ്ങളുടെ അകമ്പടിയോടെ നടന്ന ഘോഷയാത്രയിൽ 1000 ലധികം കർഷകർ പങ്കെടുത്തു. ജില്ലയിലെ മുഴവൻ ബ്ലോക്കുകളിലെയും കർഷകർ ഘോഷയാത്രയുടെ ഭാഗമായി. രാവിലെ 8 30ന് വിദ്യാർത്ഥി കോർണറിൽ നിന്നും ആരംഭിച്ച ഘോഷയാത്ര തേക്കിൻകാട് മൈതാനിയിലെ ഉദ്ഘാടന വേദിയിൽ അവസാനിച്ചു. പുലികളി, വർണ്ണക്കാവടി, വർണബലൂണുകൾ, ശിങ്കാരി മേളം എന്നിവ ഘോഷയാത്രയുടെ പ്രൗഢിക്ക് മാറ്റുകൂട്ടി.

തുടർന്ന് 46 ഇനങ്ങളിലായി സംസ്ഥാന കർഷക അവാർഡ് വിതരണവും മികച്ച കർഷകരെ ആദരിക്കലും നടന്നു.

- കേരളത്തിലെ മുൻ മുഖ്യമന്ത്രിയായി രുന്ന ശ്രീ. സി. അച്യുതമേനോന്റെ പേരിൽ ഉള്ള, കാർഷിക മേഖല യിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനത്തി നുള്ള ശ്രീ. സി. അച്യുതമേനോൻ സ്മാരക അവാർഡ് 10 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റും വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചാ യത്തിന് ലഭിച്ചു.
- കൃഷിഭവൻ സ്ഥാപിച്ച, മുൻ കൃഷിവ കുപ്പ് മന്ത്രിയായിരുന്ന ശ്രീ. വി.വി രാഘവന്റെ പേരിൽ ഉള്ള, മികച്ച പ്രവർത്തനം കാഴ്ചവച്ച കൃഷിഭവനു ള്ള ശ്രീ. വി.വി രാഘവൻ സ്മാരക അവാർഡ് 5 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റും മലപ്പുറം ജില്ലയിലെ താനാളൂർ കൃഷിഭവന് ലഭിച്ചു.
- പത്മശ്രീ ശ്രീ. കെ വിശ്വനാഥൻ (മിത്രാനികേതൻ) മെമ്മോറിയൽ നെൽക്കതിർ അവാർഡ് 3 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റും പാ ലക്കാട് എലവഞ്ചേരി ഉമ്പിടി കരി പ്പായി പാടശേഖര നെല്ലൽപാദക സമിതിക്ക് ലഭിച്ചു.
- ജൈവകൃഷി നടത്തുന്ന ആദിവാസി ഊര് / ക്ലസ്റ്റർ ഒന്നാം സ്ഥാനം 3 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് പാലക്കാട് പുളർ അബ്ബണ്ണൂർ ഊര്, രണ്ടാം സ്ഥാനം 2 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റും തൃശ്ശൂർ വെ റ്റിലപ്പാറ അടിച്ചിൽ തൊട്ടി ഉന്നതി.
- സിബി കല്ലിങ്കൽ സ്മാരക കർഷ കോത്തമ അവാർഡ് 2 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് പാലക്കാട് നല്ലേപ്പിള്ളി സ്കറിയാപ്പിള്ള സി.ജെ ക്ക് ലഭിച്ചു.
- കേരകേസരി 2 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റും പാലക്കാ ട്, പെരുമാട്ടി മഹേഷ് കുമാർ എൻ ന് ലഭിച്ചു.
- പൈതൃക കൃഷി/ വിത്ത് സംരക്ഷ ണം/ വിളകളുടെ സംരക്ഷണ പ്രവർ ത്തനം നടത്തുന്ന ആദിവാസി ഊര് / വ്യക്തി, 2 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റും വയനാട്, തിരുനെ ല്ലി , അടുമാരി ക്ക് ലഭിച്ചു.
- ജൈവ കർഷകൻ , 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റും എറണാകു ളം, എടത്തല റംലത്ത് അൽഹാദ് ന് ലഭിച്ചു.
- യുവ കർഷകൻ എറണാകുളം, 1 ലക്ഷം രൂപ, ഫലകം, സർട്ടിഫി ക്കറ്റും ഇലഞ്ഞി മോനു വർഗ്ഗീസ് മാമ്മൻ ന് ലഭിച്ചു.
- ഹരിത മിത്ര 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റും പാലക്കാ ട്, എലവഞ്ചേരി ആർ.ശിവദാസൻ ന് ലഭിച്ചു.
- ഹൈടെക് കർഷകൻ 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റും തിരുവന ന്തപുരം, കുളത്തൂർ സിസിൽ ചന്ദ്രൻ ബി സി ക്ക് ലഭിച്ചു.
- കർഷകതിലകം (വനിത) 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റും ആലപ്പുഴ,ഹരിപ്പാട് വാണി വി ക്ക് ലഭിച്ചു.




ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിച്ച ഹരിതഗാഥയുടെ പ്രകാശനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫസർ ആർ ബിന്ദു നിർവഹിക്കുന്നു.

# നവീകരിച്ച കോൺഫറൻസ് ഹാളും വീഡിയോ കോൺഫറൻസിംഗ് സംവിധാനവും മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു

കേരള വെറ്ററിനറി കൗൺസിൽ ആസ്ഥാനത്തെ നവീകരിച്ച കോൺഫറൻസ് ഹാളും വീഡിയോ കോൺഫറൻസിംഗ് സംവിധാനവും മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു. ആധുനിക സൗകര്യങ്ങളോടെ മികച്ച ഭൗതിക സംവിധാനങ്ങളും, നൂതന ഓഡിയോ വിഷ്വൽ, വീഡിയോ കോൺഫറൻസിംഗ് സംവിധാനവും ഉൾപ്പെടുത്തി ഹാൾ പൂർണ്ണമായും മെച്ചപ്പെടുത്തിയിട്ടുണ്ട്. കൗൺസിലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കാൻ ഈ പുതിയ സൗകര്യം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി അധികൃതർ അറിയിച്ചു.



വെറ്ററിനറി കൗൺസിൽ ആസ്ഥാനത്ത് നവീകരിച്ച കോൺഫറൻസ് ഹാളും വീഡിയോ കോൺഫറൻസിംഗ് സംവിധാനവും മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം നിർവ്വഹിക്കുന്നു.

പരിപാടിയിൽ കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ പ്രസിഡന്റ് ഡോ. കെ.ആർ. ബിനു പ്രശാന്ത് അധ്യക്ഷപ്രസംഗം നടത്തി. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. റെജിൽ എം.സി. മുഖ്യ പ്രഭാഷണം നടത്തി. വിവിധ വിശിഷ്ടാതിഥികളായ പ്രൊഫ. (ഡോ.) അല്ലി കെ., ഡോ. സെൽവകുമാർ പി., ഡോ. ഡി. ഷൈൻ കുമാർ എന്നിവർ ആശംസകൾ അർപ്പിച്ചു. സബ് കമ്മിറ്റി ചെയർപേഴ്സൺ ഡോ. ലീന പോൾ കൃതജ്ഞത രേഖപ്പെടുത്തി. കൗൺസിൽ രജിസ്ട്രാർ ഡോ. ജിജിമോൻ ജോസഫ് സ്വാഗതം ആശംസിച്ചു. നിർമാണ കരാറുകാരെ ചടങ്ങിൽ വച്ച് ആദരിച്ചു.

# കൃഷി കൂടുതൽ സ്മാർട്ട് ആകണം : കൃഷിമന്ത്രി പി പ്രസാദ്

കൃഷിയിൽ ആധുനികതയെയും സാങ്കേതികവിദ്യകളേയും യന്ത്രങ്ങളെയും ഉപയോഗപ്പെടുത്തി കൃഷി കൂടുതൽ സ്മാർട്ട് ആക്കണമെന്നും ആർട്ടിഫിഷ്യൽ ഇന്റലിജെൻസും ഇന്റർനെറ്റ് ഓഫ് തിങ്സും സാങ്കേതിക രംഗത്തേക്ക് കടന്നുവരികയാണെന്നും കൃഷിയിൽ ഇതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു. കഞ്ഞിക്കുഴിയിൽ അനുവദിച്ച കൃഷി ഭവൻ സബ് സെന്റർ ഉദ്ഘാടനം കർമ്മ സേന ഓഫീസിൽ നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ഡ്രോൺ സാങ്കേതികവിദ്യയിലൂടെ വിത്തുകൾ വിതക്കാനും 40 ശതമാനത്തിലധികം വിത്തുകൾ ലാഭിക്കുവാനും മികച്ച വിളവെടുപ്പ് നേടാനും കഴിഞ്ഞു. കൃഷിയും കൃഷിയിടങ്ങളും സ്മാർട്ട് ആകേണ്ടതുണ്ട്. കൃഷി ഉദ്യോഗസ്ഥരുടെ സേവനം സ്മാർട്ട് ആവുമ്പോൾ കൃഷിഭവനും സ്മാർട്ടാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പകുതിയിൽ കൂടുതൽ രോഗങ്ങളുടെ കാരണം ഭക്ഷണമാണ്. ഭക്ഷണത്തിൽ അതിയായ ശ്രദ്ധ കേന്ദ്രീകരിക്കണം. വിഷരഹിതമായ ഭക്ഷണം ഏറ്റവും പ്രധാനപ്പെട്ട അജണ്ടയായി മാറണമെന്നും പറഞ്ഞു. ഓരോ വീടിന്റെയും മുദ്രാവാക്യം വിഷരഹിതമായ ഭക്ഷണമായിരിക്കണമെന്നും മന്ത്രി പറഞ്ഞു. സാധ്യമാകുന്ന എല്ലായിടത്തും കൃഷി ചെയ്യുന്നതിനും കർഷകരെ ചേർത്തുനിർത്തുന്നതിനും കഞ്ഞിക്കുഴി മാതൃകയാണ് . കഞ്ഞിക്കുഴിയുടെ സമഗ്രമായ ആരോഗ്യകരമായ മുന്നേറ്റത്തിന് വേണ്ടി ആക്ഷൻ പ്ലാൻ തയ്യാറാക്കണമെന്നും മന്ത്രി പറഞ്ഞു. കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗീത കാർത്തികേയൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രസിഡന്റ് അഡ്വ എം സന്തോഷ് കുമാർ സ്വാ




കഞ്ഞിക്കുഴിയിൽ അനുവദിച്ച കൃഷി ഭവൻ സബ് സെന്റർ ഉദ്ഘാടനം കർമ്മ സേന ഓഫീസിൽ കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് നിർവ്വഹിക്കുന്നു.

ഗതവും കൃഷി ഡെപ്യൂട്ടി ഡയറക്ടർ മായ ഗോപാലകൃഷ്ണൻ പദ്ധതി വിശദീകരണവും നടത്തി. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിജി അനിൽകുമാർ, സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ കെ കമലമ്മ, ജ്യോതി മോൾ എസ്, ചേർത്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഷൈജ കെ എസ്, കൃഷി ഓഫീസർ റോസ്മി ജോർജ്, ജനപ്രതിനിധികൾ, കർഷകർ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ സംസാരിച്ചു.

# കേന്ദ്രസർക്കാർ പച്ചത്തേങ്ങക്ക് താങ്ങുവില പ്രഖ്യാപിക്കണമെന്ന് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ്

കേന്ദ്രസർക്കാർ പച്ചത്തേങ്ങക്ക് താങ്ങുവില പ്രഖ്യാപിക്കണമെന്ന് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. 2026 സീസണിലെ കൊപ്രയുടെ താങ്ങുവില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് കമ്മീഷൻ ഫോർ അഗ്രികൾച്ചർ കോസ്റ്റ് ആന്റ് പ്രൈസസിന്റെ (സി.എ.സി.പി.) സതേൺ മേഖലാ യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. കേരളത്തിൽ കൂടുതലായും സംഭരിക്കുന്നത് പച്ചത്തേങ്ങയായി



4.1 2026 സീസണിലെ കൊപ്രയുടെ താങ്ങുവില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് കമ്മീഷൻ ഫോർ അഗ്രികൾച്ചർ കോസ്റ്റ് ആന്റ് പ്രൈസസിന്റെ (സി.എ.സി.പി.) സതേൺ മേഖലാ യോഗം ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് നിർവ്വഹിക്കുന്നു.

ട്ടാണെന്നും, അതിനാൽ താങ്ങുവില ലഭ്യമാകേണ്ടത് പച്ചതേങ്ങക്കായൽ കർഷകർക്ക് കൂടുതൽ പ്രയോജനപ്പെടും. തെങ്ങ് കൃഷി വ്യാപിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കേരഗ്രാമം, കർഷകർക്ക് തെങ്ങിൻതൈ വിതരണം, മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിന് വേണ്ടി നടപ്പിലാക്കിയ "കേരളാഗ്രോ ബ്രാന്റ്" എന്നിങ്ങനെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും. അത് കർഷകർക്ക് ഏറെ ആശ്വസകരമാണെന്നും മന്ത്രി പറഞ്ഞു. ലോക ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന "കേര" പ്രോജക്റ്റിൽ ഈ വർഷം മുതൽ തെങ്ങ് കൃഷിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. തെങ്ങ് കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളായ ഉയർന്ന കൃഷി ചെലവ്, രാസവളങ്ങളുടെ വില വർദ്ധനവ്, ഉത്പാദനക്ഷമതക്കുറവ് എന്നിവ കർഷകരുടെ വരുമാനം കുറയുന്നതിന് കാരണമായി. ഈ കാരണങ്ങൾ പരിഗണിച്ച് കൊപ്രയുടെ താങ്ങുവില ഉയർത്തണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടു.

കാർഷികോല്പാദക കമ്മീഷണർ ഡോ. ബി. അശോക് ഐ.എ.എസ്., സി. എ. സി. പി. ചെയർമാൻ പ്രൊഫ. വിജയ് പോൾ ശർമ്മ, സി. എ. സി. പി. മെമ്പർ സെക്രട്ടറിമാരായ സിറിയക് ജോർജ്, ഡോ. പി. പ്രേംചന്ദ് എന്നിവർ സംസാരിച്ചു. തമിഴ്നാടിനെ പ്രതിനിധീകരിച്ച് പി. കുമാരവേൽ പാണ്ഡ്യൻ ഐ. എ. എസ്. (ഡയറക്ടർ, ഹോർട്ടികൾച്ചറൽ ആന്റ് പ്ലാന്റേഷൻ ക്രോപ്പ്സ്), കർണാടകത്തെ പ്രതിനിധീകരിച്ച് ഡോ. പ്രകാശ് M. സോബറാദ് (അഡീഷണൽ ഡയറക്ടർ), ആന്ധ്രാപ്രദേശിനെ പ്രതിനിധീകരിച്ച് ശ്രീ. C. B. ഹരിനാദറെഡ്ഡി (ഡയറക്ടർ, ഹോർട്ടികൾച്ചർ) സംസ്ഥാനങ്ങളുടെ നിലവിലെ സ്ഥിതി വിശദീകരിച്ചു. സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് ചെയർമാൻ ഡോ. പി. രാജശേഖരൻ, കേരഫെഡ് M.D. സജ്ജ. കെ. സുരേന്ദ്രൻ, നാളികേര വികസന ബോർഡ് ഡയറക്ടർ ദീപ്തിനായർ, കാസർകോട് CPCRI പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എസ്. ജയശേഖർ, NAFED മാനേജർ അഭിനേഷ് ബോസ്, നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ഷാബി കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ സിന്ധു. എസ്.. എന്നിവർ യോഗത്തിൽ സംസാരിച്ചു.

# മണ്ണിലെ യഥാർത്ഥ താരങ്ങൾ കർഷകർ : കൃഷിമന്ത്രി പി പ്രസാദ്



ജില്ലാ പഞ്ചായത്ത് കൃഷിവകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ജില്ലാ കാർഷികമേള പൊലിക 2025 ന്റെ സമാപന സമ്മേളനം ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് നിർവ്വഹിക്കുന്നു.

മനുഷ്യരെല്ലാവരും കൃഷിയുടെയും കർഷകരുടെയും ആനുകൂല്യം കൈപ്പറ്റുന്നവരാണ് അതുകൊണ്ട് കർഷകരാണ് മണ്ണിലെ യഥാർത്ഥ താരങ്ങളെന്ന് കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. ജില്ലാ പഞ്ചായത്ത് കൃഷിവകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ജില്ലാ കാർഷികമേള പൊലിക 2025 ന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കാർഷിക ഉത്പന്നങ്ങളുടെ വില നിശ്ചയിക്കാനുള്ള അധികാരം കർഷക്ക് ലഭിച്ചാൽ മാത്രമേ അവരുടെ ജീവിതനിലവാരം മെച്ചപ്പെടുകയുള്ളൂ. അതിനായി ഉൽപ്പന്നങ്ങളെ മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വിപണനം നടത്താൻ സാധിക്കണം. കാർഷികമേളകൾ കർഷകരെ സഹായിക്കുവാൻ വിപണിയിലുള്ള ഒരു ഇടപെടലാണ്. കർഷകർക്കായി കൃഷിവകുപ്പ് ഒരു കൃഷിഭവൻ ഒരു ഉൽപ്പന്നം എന്ന പദ്ധതി ആരംഭിക്കുകയും, ഇങ്ങനെ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ 'കേരളാഗ്രോ ബ്രാൻഡി'ൽ വിപണിയിൽ എത്തിക്കുവാനും തീരുമാനിച്ചു. ഇതിലൂടെ 4000 ലധികം ഉൽപ്പന്നങ്ങൾ മികച്ച പാക്കിങ്ങിലൂ



ടെ വിപണിയിൽ എത്തിക്കുവാൻ സാധിച്ചു. ദേശീയതലത്തിൽ കേരളത്തിന് കാർഷിക മേഖലയിൽ വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞതായും മന്ത്രി പറഞ്ഞു.

സ്ഥലംമാറ്റം ലഭിച്ച് പോകുന്ന ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് ഐഎഎസിനും സബ് കളക്ടർ കെ മീര ഐഎഎസിനും ചടങ്ങിൽ യാത്രയയപ്പ് നൽകി ജില്ലയിലെ മികച്ച കർഷകർക്കുള്ള അവാർഡ് വിതരണവും മന്ത്രി നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മനോജ് മൂത്തേടൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡൻറ് എൽസി ജോർജ്, ചെയർപേഴ്സൺമാരായ സനിത റഹീം, എം ജെ ജോമി, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഉല്ലാസ് തോമസ്, കൃഷി ഡെപ്യൂട്ടി ഡയറക്ടർ വി പി സിന്ധു ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ശാരദ മോഹൻ, ലിസി അലക്സ് ഉടങ്ങിയവർ പങ്കെടുത്തു.

# സംരംഭകർക്കായി കോമൺ ഇൻക്യൂബേഷൻ ഫെസിലിറ്റി ഒരുക്കി കേരള കാർഷിക സർവ്വകലാശാല




പി എം എഫ് എം ഇ (PMFME) പദ്ധതിയുടെ ഭാഗമായി കേരള കാർഷിക സർവ്വകലാശാലയിൽ പ്രവർത്തനമാരംഭിക്കുന്ന പുതിയ കോമൺ ഇൻകൂബേഷൻ ഫെസിലിറ്റി വ്യവസായ മന്ത്രി പി. രാജീവ് ഉത്ഘാടനം ചെയ്യുന്നു.

പി എം എഫ് എം ഇ (PMFME) പദ്ധതിയുടെ ഭാഗമായി കേരള കാർഷിക സർവ്വകലാശാലയിൽ പ്രവർത്തനമാരംഭിക്കുന്ന പുതിയ കോമൺ ഇൻകൃബേഷൻ ഫെസിലിറ്റി വ്യവസായ മന്ത്രി പി. രാജീവ് ഉത്ഘാടനം ചെയ്തു. കോമൺ ഇൻകൃബേഷൻ ഫെസിലിറ്റി ഉപയോഗപ്പെടുത്തി നൗക എന്റർപ്രൈസസ് സജ്ജമാക്കിയിരിക്കുന്ന ആദ്യ കണ്ടെയ്നറിന്റെ കയറ്റുമതിക്കും ഇതോടൊപ്പം തുടക്കം കുറിച്ചു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മാത്രമേ കൃഷി ലാഭകരമാക്കാൻ സാധിക്കൂ. മണ്ണ് സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പ് കൂടാതെ വ്യവസായ വകുപ്പിന്റെയും സഹകരണത്തോടെ കാർഷിക ഉല്പന്നങ്ങൾ മൂല്യ വർദ്ധിത ഉല്പന്നങ്ങളാക്കി കർഷകന് സാമ്പത്തിക ലാഭം കൈവരിക്കാം എന്നും മൂല്യ വർദ്ധിത ഉല്പന്നമുണ്ടാക്കുമ്പോൾ ചിലവു കുറക്കാൻ കോമൺ ഇൻകൃബേഷൻ സെന്ററുകൾ പ്രയോജനപ്രദമാകുമെന്നും ഉത്ഘാടന പ്രസംഗത്തിൽ അദ്ദേഹം വ്യക്തമാക്കി.

ഇന്ത്യയിൽ തന്നെ ഇതാദ്യമായാണ് ഒരു അഗ്രി ബിസിനസ് ഇൻകൃബേഷൻ സെന്ററിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി നിർമ്മിച്ച ഉത്പന്നങ്ങൾ കയറ്റുമതിക്കായി ഒരുങ്ങുന്നത്. റവന്യൂ മന്ത്രി കെ. രാജൻ ഉത്ഘാടന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. സർവ്വകലാശാല ക്യാമ്പസുക

ളിൽ ഇത്തരത്തിൽ വ്യവസായ പാർക്കുകൾ നിലവിൽ വരുന്നത് വിദ്യാർത്ഥികളിൽ സംരംഭകത്വ അഭിരുചി വളർത്തിയെടുക്കുവാനും നൈപുണ്യ വികസനത്തിനും സഹായകരമാകുമെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ റവന്യൂ മന്ത്രി അഭിപ്രായപ്പെട്ടു. വ്യവസായ വകുപ്പിന്റെ കീഴിലുള്ള കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനും (കെ-ബിപ്പ്), കേരള കാർഷിക സർവ്വകലാശാലയും സംയുക്തമായാണ് കേരളത്തിൽ പി എം എഫ് എം ഇ പദ്ധതി നടപ്പിലാക്കി വരുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിലാണ് പദ്ധതി വിഹിതം പങ്കിടുന്നത്. പി. എം. എഫ്. എം. ഇ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തിച്ച രാജ്യത്തെ ചുരുക്കം സംസ്ഥാനങ്ങളിലൊന്നാണ് കേരളമെന്ന് ഉത്ഘാടന പ്രസംഗത്തിൽ വ്യവസായ മന്ത്രി പി. രാജീവ് ചൂണ്ടിക്കാട്ടി. സംരംഭകത്വ ആശയങ്ങൾ പരീക്ഷിക്കുന്നതിനും, സംരംഭകർക്ക് കൂടുതൽ ആത്മവിശ്വാസം നേടിയെടുക്കുന്നതിനും ഇത്തരം കോമൺ ഇൻക്യൂബേഷൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താമെന്ന് കേരള കാർഷിക സർവ്വകലാശാല വൈസ്ചാൻസലറും കാർഷിക ഉത്പാദന കമ്മീഷണറുമായ ഡോ. ബി. അശോക് ഐ എ എസ് വ്യക്തമാക്കി. സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി ഡോ. കെ. എൻ. അനിത് ചടങ്ങിൽ നന്ദി പ്രകാശനം നടത്തി. കേരളത്തിലെ തനതായ ഉത്പന്നങ്ങളായ നാളികേരം, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെയും അരി, ചെറുധാന്യങ്ങൾ, പഴം പച്ചക്കറികൾ മുതലായവയുടെയും സംസ്കരണ ശൃഖലകളും, കയറ്റുമതിയുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്ക് ഉത്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലബോറട്ടറി സൗകര്യങ്ങളും, സംരംഭകർക്കായി ഇൻക്യൂബേഷൻ ഫെസിലിറ്റിയിൽ ഒരിക്കിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. കെ. പി. സുധീർ അറിയിച്ചു.




# കളമശ്ശേരി മണ്ഡലത്തിലെ കാർഷിക വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന കൃഷിക്കൊപ്പം കളമശ്ശേരിയുടെ ഭാഗമായി കൂൺ കർഷകരുടെ സംഗമം സംഘടിപ്പിച്ചു

വെളിയത്തുനാട് സർവീസ് സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ വെളിയത്തുനാട് കാർഷിക വിജ്ഞാന കേന്ദ്രം കൊക്കൂൺ ഫാക്ടറിയിൽ നടന്ന സംഗമം വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു.

കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതയിലൂടെ മണ്ഡലത്തിൽ പരിചിതമല്ലാതിരുന്ന കൂൺ കൃഷിയിലൂടെ കൂണിന്റെ തനത് ഉത്പന്നങ്ങൾ നല്ല രീതിയിൽ വിപണിയിലേക്ക് ഇറക്കാൻ സാധിക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.

നല്ല വിപണന സാധ്യതകളും ഒപ്പം പോഷക സമൃദ്ധമായ കൂൺ കൃഷി വ്യാപിപ്പിക്കുന്നതിൽ വെളിയത്തുനാട് സഹകരണ സംഘം മാതൃകപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഏകദേശം ആയിരം കുടുംബങ്ങളാണ് കൂൺ കൃഷിയുടെ ഗുണഭോക്താക്കൾ. ഈ സംഗമവും തുടർന്നുള്ള സബ്കമ്മിറ്റികളുടെ പ്രവർത്തനവും കൊണ്ട് ഗുണഭോക്താക്കളുടെ എണ്ണത്തിൽ കാര്യമായ വർദ്ധന ഉണ്ടാക്കാൻ സാധിക്കുമെന്ന് മന്ത്രി പറഞ്ഞു.

കൂൺ കൃഷി ചെയ്ത് വരുമാനം നേടുന്നതിൽ ഭൂരിഭാഗം ആളുകളും വീട്ടമ്മമാരാണ്. കൃഷിയിലൂടെ സ്ത്രീകൾക്ക് സ്വയംപര്യാപ്തത കൂടി കൈവരിക്കാനുള്ള അവസരമാണ് പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്.

കൃഷിക്ക് ഒപ്പം കളമശ്ശേരിയുടെ ഭാഗമായി മണ്ഡലത്തിലെ കാർഷിക ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനും കാർഷികവൃത്തത്തിൽ ഏർപെടുന്നവർക്ക് വരുമാനം വർധിപ്പിക്കുന്നതിനും കക്ഷി രാഷ്ട്രീയത്തിന് അതീതമായി എല്ലാവരും ഒന്നായി പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. മണ്ഡലത്തിലെ ഒരു വീട്ടിൽ ഒരു തൊഴിൽ അല്ലെങ്കിൽ ഒരു സംരംഭം എന്ന ലക്ഷ്യത്തോടെയാണ് വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നത്. സെപ്റ്റംബറിൽ ജില്ലാ തലത്തിൽ പതിനായിരം ഒഴിവുകളിലേക്ക് മെഗാ തൊഴിൽമേള സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കൂൺ കൃഷിയുടെ സാധ്യതകളും പ്രശ്നങ്ങളും എന്ന വിഷയത്തിൽ സ്റ്റേറ്റ് ഹോൾട്ടി കൾച്ചർ മിഷൻ ഫീൽഡ് കൺസൽട്ടൻറ് ശ്രീജ രാജീവ്,പ്രോഗ്രസീവ് ഫാർമർ രാജി നാരായണൻ എന്നിവർ ക്ലാസുകൾ നയിച്ചു. അവബോധ ക്ലാസുകൾക്ക് ശേഷം മുൻസിപ്പാലിറ്റി, പഞ്ചായത്ത് തല ഗ്രൂപ്പ് യോഗങ്ങൾ ചേർന്നു. ജനറൽ കൺവീനർ എം പി വിജയൻ ചർച്ച ക്രോഡീകരണം നടത്തി. സബ് കമ്മിറ്റി കൺവീനർ എം എസ് നാസർ പദ്ധതി വിശദീകരണം നടത്തി. മണ്ഡലതല കൺവീനറെയും ചടങ്ങിൽ തി



വെളിയത്തുനാട് കാർഷിക വിജ്ഞാന കേന്ദ്രം കൊള്ളൺ ഫാക്ടറിയിൽ നടന്ന സംഗമം വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യുന്നു.

രഞ്ഞെടുത്തു.

ചടങ്ങിൽ കരുമാല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സബിത നാസർ അധ്യക്ഷത വഹിച്ചു. വെളിയത്തുനാട് സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എം കെ ജയചന്ദ്രൻ,മുൻ പ്രസിഡന്റ് എസ് പി ജയരാജ്, പഞ്ചായത്ത് അംഗങ്ങളായ കെ എസ് മോഹനൻ കുമാർ,ജോർജ് മേനാച്ചേരി, റംല ലത്തീഫ്, ക്ലബ് കമ്മിറ്റി കൺവീനർ അനിൽകുമാർ, നോഡൽ ഓഫീസർ ഗീത ചന്ദ്രൻ, കൃഷി ഓഫീസർ എൽസ ഗെയിൽസ്, ആത്മ ബ്ലോക്ക് ടെക്നോളജി മാനേജർ ടി വി നിഷിൽ ,സബ് കമ്മിറ്റി അംഗം ജോഷി എന്നിവർ ചടങ്ങിന്റെ ഭാഗമായി.



# 'കേര' പദ്ധതി ബോധവൽക്കരണ ശില്പശാല എം. മുകേഷ് എം.എൽ.എ ഉദ്ഘാടനം ചെയ്തു

കേരളത്തില കാർഷിക മേഖലയുടെ സമഗ്ര വളർച്ചയ്ക്കും കാലാവസ്ഥാ വ്യതിയാന പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി ലോക ബാങ്ക് സഹായത്തോടെ കൃഷിവകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയായ 'കേര' (KERA - Kerala Climate Resilient Agri-Value Chain Modernization Project) പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്കായി സംഘടിപ്പിച്ച ബോധവൽക്കരണ ശില്പശാല എം. മുകേഷ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. കാലാവസ്ഥാ വ്യതിയാനം അതിജീവിക്കാൻ കഴിയുന്ന കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക, കാർഷിക ഉത്പന്നങ്ങളുടെ മൂല്യ വർദ്ധനവും വിപണനവും മെച്ചപ്പെടുത്തുക, കാർഷിക മേഖലയിലെ സംരംഭകത്വം വളർത്തുക, പ്രത്യേകിച്ച് ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് പ്രത്യേക സഹായങ്ങൾ നൽകുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

ഈ പദ്ധതിയിലൂടെ കാലാവസ്ഥ അനുയോജ്യമായ കൃഷിരീതികൾ നടപ്പിലാക്കുകയും, കാർഷിക പാരിസ്ഥിതിക യൂണിറ്റുകൾക്ക് അനുസരിച്ചുള്ള സാങ്കേതികവിദ്യകൾ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യും. മൂല്യ വർദ്ധനവിനായുള്ള ചെറുകട സംരംഭങ്ങളുടെ വാണിജ്യവൽക്കരണത്തിനും, കാപ്പി, റബ്ബർ, ഏലം തുടങ്ങിയ വിളകളുടെ പുനരുജ്ജീവനത്തിനും ഈ പദ്ധതി സഹായകമാകും. ഫാർമർ പ്രൊഡ്യൂ





സർ കമ്പനികൾക്കും, അഗ്രി ബിസിനസുകൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കും. കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി 150 സ്റ്റാർട്ടപ്പുകൾക്ക് കാലാവസ്ഥ വ്യതിയാനത്തെ നേരിടാനും, മൂല്യ വർദ്ധനവിനുമുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള സഹായം ലഭ്യമാക്കും

ഈ ബൃഹത് പദ്ധതി വ്യവസായം വാണിജ്യ വകുപ്പ്, പ്ലാന്റേഷൻ ഡയറക്ടറേറ്റ്, ഇൻറർനാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള കാർഷിക സർവ്വകലാശാല, കിൻഫ്ര, ജലസേചന വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

കൊല്ലം ജില്ലയിലെ കൃഷി വകുപ്പിലെയും, വ്യവസായ വകുപ്പിലെയും, അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്കായി ഓഗസ്റ്റ് 4, 5, 6 തീയതികളിലായാണ് ശില്പശാല സംഘടിപ്പിച്ചത്. കൊല്ലം ജില്ലാ കളക്ടർ (ഇൻ ചാർജ്) നിർമ്മൽ കുമാർ ജി വിശിഷ്ടാതിഥിയായിരുന്ന ചടങ്ങിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കെ.എസ്. ശിവകുമാർ അദ്ധ്യക്ഷനായിരുന്നു.

പ്രിൻസിപ്പൽ കൃഷി ഓഫീസർ അനീസ എം എസ് മുഖ്യപ്രഭാഷണം നടത്തി. ATMA പ്രോജക്ട് ഡയറക്ടർ ജോജി മറിയം ജോർജ് ആശംസകൾ അർപ്പിച്ചു. കേര പ്രോജക്ട് പ്രോക്യൂർമെൻറ് ഓഫീസർ സുരേഷ് സി സ്വാഗതം ആശംസിച്ച ചടങ്ങിന് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ബിനു ബാലകൃഷ്ണൻ കൃതജ്ഞത രേഖപ്പെടുത്തി.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sindu K.S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. V. Krishnadas., Design & Layout : Maya Santhosh